# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5494 06.07.2012 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ഡാമിൽ അറ്റകുറ്റപ്പണികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അജിത് | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| **(എ)** മുല്ലപ്പെരിയാർ ഡാമിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അടുത്ത കാലത്ത് തമിഴ്നാട് സർക്കാർ അനുവാദം ചോദിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവൃത്തികൾക്ക്; ആയതിന് കേരളം അനുമതി നൽകിയിട്ടുണ്ടോ; | **(എ)** ഉണ്ട്. മുല്ലപ്പെരിയാർ ഡാമിൽ അറ്റകുറ്റപ്പണികൾ എന്നപേരിൽ "Original Work" ചെയ്യുവാനാണ് അനുവാദം ചോദിച്ചത്. അനുമതി നല്കിയിട്ടില്ല. |
| **(ബി)** അനുമതി നൽകുന്ന ജോലികൾ തന്നെയാണ് പ്രസ്തുത സ്ഥലത്ത് നടക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇത് പരിശോധിക്കാൻ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; | **(ബി)** ഉണ്ട്. |
| **(സി)** മുല്ലപ്പെരിയാർ ഡാമിൽ അത്യാവശ്യ ജോലികളുടെ മറവിൽ ഡാം ബലപ്പെടുത്താനുള്ള ജോലികൾ നടക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | **(സി)** ഉണ്ട്. അറ്റകുറ്റപ്പണികൾ അല്ലാതെ ഡാം ബലപ്പെടുത്തൽ ജോലി നടത്തുവാൻ പാടില്ല എന്ന് തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ